✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1020

# സൂറ - 32 / അസ്സജദ

**സൂക്തം: 16 - 21**

ദുഃഖങ്ങൾ മാത്രമല്ല സുഖങ്ങളും അല്ലാഹുവിന്റെ പരീക്ഷണങ്ങളാണ്. അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ അത് സ്വന്തം മഹത്വത്തിന്റെയും കഴിവിന്റെയും മാത്രം അടയാളമായി കണ്ട് അഹങ്കാരികളാകുന്നുവോ, അല്ല അല്ലാഹുവിന്റെ ഔദാര്യമായി കണ്ട് അവനോട് നന്ദിയും കൂറുമുള്ളവരായിത്തീരുന്നുവോ എന്നതാണ് പരീക്ഷണം.

تَتَجَافَىٰ جُنُوبُهُمْ عَنِ الْمَضَاجِعِ يَدْعُونَ رَبَّهُمْ خَوْفًا وَطَمَعًا
وَمِمَّا رَزَقْنَاهُمْ يُنفِقُونَ ﴿١٦﴾

16. അവരുടെ വശങ്ങൾ നിദ്രശയ്യകളിൽനിന്ന് അടർന്നുപോരുന്നു. ആശങ്കയോടെ, ആശയോടെ വിധാതാവിനോടു പ്രാർഥിക്കുന്നു. നാം ഏകിയിട്ടുള്ളതിൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യുന്നു.

**16**

تَتَجَافَىٰ جُنُوبُهُمْ = അവരുടെ വശങ്ങൾ അടരുന്നു عَنِ الْمَضَاجِعِ = കിടപ്പിടങ്ങ(നിദ്രാ ശയ്യക)ളിൽനിന്ന്

يَدْعُونَ رَبَّهُمْ = അവർ അവരുടെ വിധാതാവിനോടു പ്രാർഥിക്കുന്നു خَوْفًا وَطَمَعًا = ആശങ്കയോടെയും ആശയോടെയും

وَمِمَّا رَزَقْنَاهُمْ = നാം അവർക്കേകിയിട്ടുള്ളതിൽനിന്ന് يُنفِقُونَ = അവർ ചെലവഴിക്കുകയും ചെയ്യുന്നു

جفاف (ഉണക്കം, വരൾച്ച)യിൽനിന്നുള്ളതാണ് تَتَجَافَىٰ. ഒട്ടിനിന്നത്, ജലാംശം നീങ്ങിയതിനാൽ പരസ്പരം അടർന്നു പോകുന്നതിനും ഉപേക്ഷിക്കുന്നതിനും അകലുന്നതിനുമെല്ലാം تجافَى പ്രയോഗിക്കും. എഴുതേണ്ടതെല്ലാം എഴുതിക്കഴിഞ്ഞു, കാര്യം തീരുമാനിച്ചു കഴിഞ്ഞു എന്ന അർഥത്തിൽ جف القلم എന്നു പറയും. اللهمّ جاف القبر عن جنبيه എന്ന പ്രാർഥനയുടെ ആശയം 'അല്ലാഹുവേ ഇദ്ദേഹത്തിന്റെ വശങ്ങളിൽനിന്ന് ഖബ്ർ ഭിത്തിയെ അകറ്റിനിർത്തണേ' എന്നാണ്. അവരുടെ വശങ്ങൾ- جُنُوبُهُمْ അവരുടെ ശരീര ഭാഗങ്ങളാണ്. مضجع (കിടപ്പിടം, നിദ്രാ സ്ഥലം)-ന്റെ ബഹുവചനമാണ് مَضَاجِع. ഈ വിശ്വാസികളുടെ ശരീരങ്ങൾ ഉറക്കിടങ്ങളിൽനിന്ന് അടർന്നു പോകുന്നു എന്നാണ് تَتَجَافَىٰ جُنُوبُهُمْ عَنِ الْمَضَاجِعِ-യുടെ അർഥം. അതായത്, അവർ ഉറങ്ങാതെ കിടപ്പിടങ്ങളിൽനിന്ന് അകന്നു നിൽക്കുന്നു, അല്ലെങ്കിൽ ഉറക്കത്തിൽനിന്ന് ഉണർന്നെഴുന്നേൽക്കുന്നു, ആശയോടെയും ആശങ്കയോടെയും അല്ലാഹുവിനോട് പ്രാർഥിക്കാൻ അഥവാ നമസ്കരിക്കാൻ. ജീവിതചര്യകളിൽ അല്ലാഹുവിന്റെ അപ്രീതിക്ക് കാരണമാകുന്ന നീക്കങ്ങളുണ്ടാകുന്നുവോ അതവൻ പൊറുത്തു മാപ്പാക്കിത്തരുമോ എന്നതാണ് ആശങ്ക. ഇഹത്തിലും പരത്തിലും അവനിൽനിന്ന് രക്ഷയും അനുഗ്രഹവും ലഭിക്കും എന്നതാണ് പ്രതീക്ഷ.

ഭക്തിനിർഭരമായ രാത്രിനമസ്കാരമാണിവിടെ ഉദ്ദേശിച്ചിട്ടുള്ളത്. മഗ്രിബ്, ഇശാഅ്, തഹജ്ജുദ് അഥവാ ഖിയാമുല്ലൈൽ എന്നീ നമസ്കാരങ്ങൾ. ചില നിവേദനങ്ങളിൽ ഇപ്രകാരം കാണുന്നു: മഗ്രിബ് നമസ്കാരാനന്തരം പ്രവാചകശിഷ്യന്മാർ ഇശാഅ് നമസ്കാരവും പ്രതീക്ഷിച്ച് മസ്ജിദുന്നബവിയിൽ ഇബാദത്തിലേർപ്പെടാറുണ്ടായിരുന്നു. ഇശാഅ് കഴിയാതെ ആരും ഉറങ്ങാറില്ല. അതേക്കുറിച്ചാണ് ഈ സൂക്തം അവതരിച്ചത്. എന്നാൽ ഹസൻ ബസ്വരിയും മുജാഹിദും മാലികും ഔസാഇയും പറയുന്നത് ഈ സൂക്തം തഹജ്ജുദ് നമസ്കാരത്തെ (قيام اللّيل) കുറിച്ച് അവതരിച്ചതാണെന്നത്രെ. ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്ന ഒരു ഹദീസ് ഇമാം അഹ്മദ്, തിർമിദി, നസാഈ തുടങ്ങിയവർ മുആദുബ്നു ജബലിൽനിന്ന് ഉദ്ധരിച്ചിരിക്കുന്നു: ഒരു സഞ്ചാരവേളയിൽ പ്രവാചകൻ അദ്ദേഹത്തിനു നൽകിയ ഉപദേശങ്ങളിൽ പറഞ്ഞു:

ألا ادلّك على ابواب الخير ؟ الصّوم جنة والصدقة تطفئ الخطيئة وصلاة الرّجل في جوف اللّيل

(നന്മയുടെ കവാടങ്ങൾ ഞാൻ നിനക്ക് പറഞ്ഞുതരട്ടെയോ? ഉപവാസം ഒരു പരിചയാകുന്നു. ദാനധർമങ്ങൾ പാപങ്ങളെ കെടുത്തിക്കളയും. രാവിനകത്തുള്ള ഒരാളുടെ നമസ്കാരവും). തുടർന്ന് നബി (സ) تَتَجَافَىٰ جُنُوبُهُمْ എന്നു തുടങ്ങി بِمَا كَانُوا يَعْمَلُونَ വരെ ഓതി.

'നിദ്രാസ്ഥാനങ്ങളിൽനിന്ന് അവരുടെ ശരീരഭാഗങ്ങൾ അടരുന്നു' എന്ന പ്രയോഗവും ഏറെ പിന്തുണക്കുന്നത് ഹസൻ ബസ്വരിയുടെയും മാലികിന്റെയും വീക്ഷണത്തെയാണ്. ഇതിനെ ബലപ്പെടുത്തുന്ന വേറെയും നിവേദനങ്ങളുണ്ട്. കൂടാതെ 51:17-ൽ സ്വർഗസ്ഥരാകുന്ന മുത്തഖികളെക്കുറിച്ച് ഇങ്ങനെയും പറയുന്നുണ്ട്: كَانُوا قَلِيلًا مِّنَ اللَّيْلِ مَا يَهْجَعُونَ (രാത്രിയിൽ കുറച്ചേ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ). എല്ലാ പ്രമാണങ്ങളും പരിഗണിക്കുമ്പോൾ മഗ്രിബും ഖിയാമുല്ലൈലുമുൾപ്പെടെ എല്ലാ നിശാ നമസ്കാരങ്ങളെയും ഉൾക്കൊള്ളുന്നതാണീ സൂക്തമെന്നു കരുതാം.

വിശ്വാസികളുടെ നിശാകാല ദൈവരാധന പരാമർശിച്ചതോടൊപ്പം അവരുടെ സാമ്പത്തിക സമീപനവും പരാമർശിച്ചിരിക്കുന്നു. നമസ്കാരത്തോടൊപ്പം സകാത്തും പരാമർശിക്കുക ഖുർആന്റെ പൊതു സ്വഭാവമാണ്. അല്ലാഹുവുമായുള്ള ബന്ധം ദൃഢീകരിക്കുന്ന ചര്യയാണ് ദൈവസ്മരണയും നമസ്കാരവും. മനുഷ്യരും മനുഷ്യരുമായുള്ള ബന്ധത്തിന്റെ നിർണായക ഘടകമാണ് സാമ്പത്തിക വ്യവഹാരം. അല്ലാഹുവുമായുള്ള ബന്ധം പോലെ സമസൃഷ്ടികളോടുള്ള ബന്ധവും സുന്ദരവും സുദൃഢവുമായിരിക്കണം. അതാണ് യഥാർഥ ഈമാൻ. وَمِمَّا رَزَقْنَاهُمْ يُنفِقُونَ (നാം നൽകിയ വിഭവങ്ങളിൽനിന്ന് അവർ ചെലവഴിക്കുന്നു) എന്നാണ് മൂലവാക്യം. مِمَّا رَزَقْنَاهُمْ എന്ന വാക്ക് രണ്ട് തത്ത്വങ്ങളെ സൂചിപ്പിക്കുന്നു: 1) സത്യവിശ്വാസിയുടെ കൈവശമുള്ള വിഭവങ്ങളൊന്നും സ്വന്തം സാമർഥ്യം കൊണ്ടും യോഗ്യത കൊണ്ടും മാത്രം നേടിയതല്ല. എല്ലാം നാം -അല്ലാഹു- അനുഗ്രഹിച്ചരുളിയതാണ്. ഈ വിചാരത്തോടെ യാവണം അവരതിനെ സമീപിക്കേണ്ടത്. 2) അല്ലാഹു കനിഞ്ഞരുളിയ വിഭവങ്ങളിലാണ് അവർക്ക് ഉടമസ്ഥതയും കൈകാര്യാധികാരവുമുള്ളത്. അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിച്ചുകൊണ്ടുള്ള വിഹിതമായ പ്രയത്നത്തിലൂടെ ആർജിക്കുന്നതെന്തോ അതാണ് അല്ലാഹു കനിഞ്ഞരുളുന്ന വിഭവം. വഞ്ചിച്ചും ചൂഷണം ചെയ്തും അക്രമിച്ചും സമ്പാദിക്കുന്നതൊന്നും അല്ലാഹു നൽകുന്നതല്ല; ചെകുത്താൻ നൽകുന്നതാണ്. മൂലത്തിലെ يُنفِقُونَ (അവർ ചെലവഴിക്കുന്നു) എന്ന വാക്കും ശ്രദ്ധേയമാകുന്നു. ഇതുകൊണ്ടുദ്ദേശ്യം സകാത്താണെന്നു ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. സകാത്തുൾപ്പെടെ എല്ലാ ദാനധർമങ്ങളുമാണെന്നു വേറെ ചിലരും. സകാത്തും സ്വദഖയും അനുവദനീയമായ ഇതര ചെലവുകളും എല്ലാം انفاق-ന്റെ പരിധിയിൽ പെടുന്നുവെന്നാണ് മൂന്നാമത്തെ അഭിപ്രായം. ഇതാണ് കൂടുതൽ ശരിയായി തോന്നുന്നത്. نفقة -ചെലവും(ജീവനാംശം) انفاق ചെലവഴിക്കലുമാണ്. അതിന്റെ ശാസനാ രൂപമാണ് انفقوا കുടുംബച്ചെലവിനും പാവങ്ങൾക്കുള്ള ദാനത്തിനും ധർമമാർഗത്തിലുള്ള സംഭാവനകൾക്കുമെല്ലാം ഖുർആൻ ഈ പദം ഉപയോഗിച്ചതായി കാണാം. ഈ വാക്കിലും രണ്ടു തത്ത്വങ്ങളടങ്ങിയിരിക്കുന്നു: 1. വിശ്വാസികൾ സാമ്പത്തിക കാര്യങ്ങളിൽ ഉദാരമനസ്കരായിരിക്കും. കിട്ടിയതൊന്നും ചെലവഴിക്കാതെ എല്ലാം കെട്ടിപ്പൂട്ടി വെക്കുന്ന ലുബ്ധരാവുകയില്ല. സ്വന്തം കാര്യത്തിനു വേണ്ടിയും സമൂഹത്തിന്റെ കാര്യത്തിനു വേണ്ടിയും ചെലവഴിച്ചുകൊണ്ടിരിക്കും. 2. അല്ലാഹുവിന്റെ വിധിവിലക്കുകൾക്കൊത്ത് വിഹിതമായ മാർഗത്തിലൂടെ നേടിയ വിഭവങ്ങൾ ചെലവഴിക്കുന്നത് വിഹിതവും ന്യായവുമായ വഴികളിലായിരിക്കും. അനാശാസ്യങ്ങളിൽ വ്യയം ചെയ്യുകയോ ധൂർത്തടിക്കുകയോ ഇല്ല.

ഈ ചർച്ചക്കപ്പുറം മുൻ സൂക്തവും ഈ സൂക്തവും പ്രസരിപ്പിക്കുന്ന പൊതുവായ ആശയം ഇതാണ്: പ്രാപഞ്ചിക പ്രതിഭാസങ്ങൾ പ്രസരിപ്പിക്കുന്ന ദൈവിക സൂചനകൾ കണ്ടെത്തുകയും വിശ്വസിക്കുകയും ചെയ്യുന്നവർ ദൈവിക ദൃഷ്ടാന്തങ്ങൾ അനുസ്മരിപ്പിക്കപ്പെടുമ്പോൾ അഹങ്കാരലേശമില്ലാതെ അല്ലാഹുവിനെ വണങ്ങുന്നു. അവരുടെ ജീവിതം സദാ ദൈവവിചാരമയമായിരിക്കും. ഇക്കൂട്ടർ രാത്രികാലം നിശാക്ലബുകളിലോ ബാറുകളിലോ കാബറാ ഹാളുകളിലോ മറ്റ നാശാസ്യ കേന്ദ്രങ്ങളിലോ കഴിച്ചുകൂട്ടുന്നില്ല. മറിച്ച് നിശയുടെ നിശ്ശബ്ദതയിൽ ഏകാഗ്രതയോടെ ഭക്തിനിർഭരമായ ആരാധനകളിലേർപ്പെടുന്നു. ജീവിതത്തിൽ വന്നുപോയ വീഴ്ചകൾ പരിഹരിക്കാനും ഇഹത്തിലും പരത്തിലും കാരുണ്യവും അനുഗ്രഹവും ലഭിക്കാനും അല്ലാഹുവിനോട് പ്രാർഥിക്കുന്നു. ●

---

فَلَا تَعْلَمُ نَفْسٌ مَّا أُخْفِيَ لَهُم مِّن قُرَّةِ أَعْيُنٍ جَزَاءً بِمَا كَانُوا يَعْمَلُونَ ﴿١٧﴾

17. അവരുടെ കർമഫലമായി അവർക്കുവേണ്ടി ഗുപ്തമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന കൺകുളിരുകൾ യാതൊരാളും അറിയുന്നില്ല.

**17**

فَلَا تَعْلَمُ نَفْسٌ = യാതൊരാളും അറിയുന്നില്ല

مَّا أُخْفِيَ لَهُم = അവർക്കുവേണ്ടി മറക്കപ്പെട്ടത് (ഗുപ്തമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന)

مِّن قُرَّةِ أَعْيُنٍ = കണ്ണുകളുടെ കുളിർമയാൽ (കൺകുളിരുകൾ)

جَزَاءً بِمَا كَانُوا يَعْمَلُونَ = അവർ (രുടെ കർമഫലമായി) പ്രവർത്തിച്ചിരുന്നതിന്റെ പ്രതിഫലമായിട്ട്

ഇപ്പറഞ്ഞ ഗുണങ്ങളാർജിക്കുന്ന സത്യവിശ്വാസികൾക്കായി അല്ലാഹു അതിമഹത്തായ സുഖസന്തോഷങ്ങളും സൗഭാഗ്യങ്ങളും ഒരുക്കിവെച്ചിരിക്കുന്നു. അതെന്തൊക്കെയാണെന്ന് ഇപ്പോൾ ആരും അറിയുന്നില്ല. പഞ്ചേന്ദ്രിയങ്ങൾക്കും

സങ്കൽപത്തിനും വിധേയമാകുന്ന സംഗതികളേ മനുഷ്യന് അറിയാൻ കഴിയൂ. ഇന്ദ്രിയാതീതമായ രക്ഷാശിക്ഷകളും സുഖ ദുഃഖങ്ങളും പരലോകത്തുണ്ട്. അവയാണ് مَّا أُخْفِيَ لَهُم مِّن قُرَّةِ أَعْيُنٍ. കണ്ണുകളുടെ കുളിരുകളിൽനിന്ന് അവർക്കു വേണ്ടി മറക്കപ്പെടുന്നത് എന്നാണ് പദാനുപദ അർഥം. قُرَّة കുളിരാണ്. أَعْيُن (കണ്ണുകൾ) عين-ന്റെ ബഹുവചനം. മറവും അവ്യക്തതയുമാണ് خفاء. അതിൽനിന്നുള്ള സകർമക ക്രിയയുടെ കർമണി പ്രയോഗമാണ് أُخْفِيَ. ഗുപ്തമായി സൂക്ഷിക്കപ്പെട്ടതാണ് مَّا أُخْفِيَ. വർധിച്ച സന്തോഷ സൗഭാഗ്യത്തെ സൂചിപ്പിക്കുന്ന പ്രയോഗമാണ് قُرَّةِ أَعْيُنٍ. മുസ്‌ലിംകൾ പെൺകുട്ടികൾക്ക് قُرَّةُ الْعَيْن എന്നു പേരിടാറുണ്ട്. വിശിഷ്ട വിശ്വാസികൾക്കു വേണ്ടി ഗോപ്യമായി സൂക്ഷിക്കപ്പെട്ട സുഖസന്തോഷ സൗഭാഗ്യങ്ങളെക്കുറിച്ച് നബി (സ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു:

قال الله تعلى اعدت لعبادى الصالحين مالاعين رأت ولا اذن سمعت ولاخطر على قلب بشر

(അത്യുന്നതനായ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു; എന്റെ സച്ചരിതരായ ദാസന്മാർക്കു വേണ്ടി ഞാൻ ഒരുക്കിവെച്ചിട്ടുള്ളത് ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ഒരു മനസ്സിലും തോന്നിയിട്ടില്ലാത്തതുമാകുന്നു). അതായത്, ആ സുഖാനന്ദോപാധികൾ ഭൗതിക മനുഷ്യരെ സംബന്ധിച്ചേടത്തോളം സങ്കൽപാതീതവും അവാച്യവും അവർണനീയവുമാകുന്നു. ●

---

أَفَمَن كَانَ مُؤْمِنًا كَمَن كَانَ فَاسِقًاۚ لَّا يَسْتَوُونَ ﴿١٨﴾

18. അല്ല, സത്യവിശ്വാസി തെമ്മാടിയെപ്പോലെയാണെന്നോ? അവരൊരിക്കലും തുല്യരാകുന്നില്ല.

**18**

أَفَمَن كَانَ مُؤْمِنًا = അല്ല, സത്യവിശ്വാസിയായവൻ ആണെന്നോ
كَمَن كَانَ فَاسِقًاۚ = തെമ്മാടിയായവനെപ്പോലെ لَّا يَسْتَوُونَ = അവർ (ഒരിക്കലും) തുല്യരാകുന്നില്ല

സജ്ജനങ്ങൾ ഈവിധം കർമഫലം നൽകപ്പെടുന്നതിന്റെ ന്യായം വിശദീകരിക്കുകയാണ്: ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷയുമില്ലെങ്കിൽ ഈ ലോകത്ത് സാത്വികരായി വാണവരും, ധിക്കാരികളും തെമ്മാടികളുമായി വാണവരും തുല്യരാണെന്നാണതിനർഥം. രണ്ടു കൂട്ടരുടെയും പരിണതി ഒന്നാണ്. ധിക്കാരികളും തെമ്മാടികളും മഹാസമർഥരും ജീവിതവിജയം നേടിയവരുമാണെന്നും, പീഡിതരായി സുകൃതജീവിതം നയിച്ച സന്മാർഗികൾ മഹാ വിഡ്ഢികളുമാണെന്നാണതിന്റെ മറ്റൊരർഥം. പ്രപഞ്ച ഘടനയിൽ കാണപ്പെടുന്ന നൈതികമായ കാര്യകാരണ വ്യവസ്ഥയുടെയും കർമഫല ക്രമത്തിന്റെയും നിഷേധവും യുക്തിവിരുദ്ധവുമാണിത്. ഇല്ല, വിശ്വാസികളും അവിശ്വാസികളും ഒരിക്കലും തുല്യരാകുന്നില്ല. മുഅ്മിൻ (സത്യവിശ്വാസി) എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് അല്ലാഹുവിൽ വിശ്വസിച്ച് അവന്റെ ധർമശാസനകളനുസരിച്ച്, സൽക്കർമങ്ങളാചരിച്ച് ജീവിച്ചവൻ എന്ന അർഥത്തിലാണ്. അതിന്റെ വിപരീതമായിട്ടാണ് فاسق ഉപയോഗിച്ചിരിക്കുന്നത്. അല്ലാഹുവിനെ വകവെക്കാതെ അവന്റെ ശാസനകൾ ധിക്കരിച്ച് അസത്യവും അധർമവും ആചരിക്കുന്നവരാണവർ. പരിധിയിൽനിന്ന് തെറിച്ചുപോകലാണ് فسق. അതിൽനിന്നുള്ള കർതൃവചനമാണ് فاسق. ചക്കച്ചുളയിൽനിന്ന് കുരു പുറത്തേക്ക് തെറിക്കുന്നതുപോലെ ധർമത്തിന്റെ കവചത്തിൽനിന്ന് തെറിച്ചുപോവുക എന്ന് فسق -നെ വിശദീകരിക്കാറുണ്ട്. ദീനും ശരീഅത്തും ധർമകവചമാണ്. അതിൽനിന്ന് പുറത്താകുന്നവൻ فاسق. അധാർമികൻ, തെമ്മാടി, കുറ്റവാളി, പാപി തുടങ്ങിയ അർഥങ്ങളിലാണ് സാധാരണ ഉപയോഗം. ഖുർആൻ ചിലയിടങ്ങളിൽ ബഹുദൈവത്വം (شرك) എന്ന അർഥത്തിൽ ഉപയോഗിച്ചിട്ടുള്ള ظلم (അധർമം) പോലൊരു പദമാണിത്. ഏറ്റവും വലിയ ظلم ശിർക്കാണല്ലോ. ഏറ്റവും വലിയ ഫിസ്ഖ് കുഫ്റുമാകുന്നു. കുഫ്റും തെമ്മാടിത്തവും ധിക്കാരവും സമ്മേളിച്ചവരെയാണ് ഇവിടെ فاسق എന്നു പറഞ്ഞിരിക്കുന്നത്. ●

---

أَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ فَلَهُمْ جَنَّاتُ الْمَأْوَىٰ
نُزُلًا بِمَا كَانُوا يَعْمَلُونَ ﴿١٩﴾

19. സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്കുള്ളത് സ്വർഗീയ വസനങ്ങളാകുന്നു; അവരുടെ കർമങ്ങൾക്കുള്ള ആതിഥ്യ സമ്മാനമായിട്ട്.

**19**

أَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ= സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്തവർ
فَلَهُمْ جَنَّاتُ الْمَأْوَىٰ = അവർക്കുള്ളത് ഉദ്യാന, സ്വർഗീയ വസനങ്ങളാകുന്നു
نُزُلًا = ആതിഥ്യ സ(മ്മാനം)ൽക്കാരമായിട്ട്
بِمَا كَانُوا يَعْمَلُونَ = അവർ പ്രവർത്തിച്ചിരുന്നതിന്റെ (വരുടെ കർമങ്ങൾക്കുള്ള)

സന്മാർഗസ്ഥർക്ക് അവരർഹിക്കുന്ന കർമഫലം ലഭിക്കേണ്ടതുണ്ട്. മർദിതർക്ക് നീതിയും ലഭിക്കണം. ഇല്ലെങ്കിൽ ഇത്ര കണിശമായ നൈതിക വ്യവസ്ഥയോടെ, തികഞ്ഞ ആസൂത്രണത്തോടെ ഈ ലോകം സൃഷ്ടിച്ചു പരിപാലിക്കുന്നതിൽ അല്ലാഹുവിന് ഒരു ലക്ഷ്യവുമില്ലെന്നു വരും. ആത്യന്തിക നീതി എവിടെയും ലഭിക്കുകയില്ല. സർവജ്ഞനും സർവശക്തനും നീതിമാനുമായ അല്ലാഹുവിനെക്കുറിച്ച് ഇങ്ങനെ കരുതുന്നത് സാമാന്യ ബുദ്ധിക്ക് നിരക്കുന്നതല്ല. നീതിമാനായ അല്ലാഹു ഈ ലോകത്ത് സന്മാർഗത്തിൽ ജീവിച്ചവർക്ക് മരണാനന്തരം പരലോകത്ത് വസിക്കാൻ സുഖസൗഭാഗ്യങ്ങൾ നിറഞ്ഞ സ്വർഗീയ വസതികൾ സൃഷ്ടിച്ചുവെച്ചിരിക്കുന്നു. അവരവിടെ വിശിഷ്ടാതിഥികളായി സ്വാഗതം ചെയ്യപ്പെടുകയും നിത്യമായി വസിക്കപ്പെടുകയും ചെയ്യും. അതിഥി സൽക്കാരവും അതിനുള്ള വിഭവങ്ങളുമാണ് نزل. അഭയസ്ഥാനത്തിനും താൽക്കാലിക താവളത്തിനും സ്ഥിരം താമസസ്ഥലത്തിനും ഉപയോഗിക്കുന്ന പദമാണ് مَأْوَى. ഇവിടെ ഉപയോഗിച്ചിരിക്കുന്നത് വിശ്രമമന്ദിരം എന്ന അർഥത്തിലാണെന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി അഭിപ്രായപ്പെട്ടിരിക്കുന്നു. സജ്ജനങ്ങൾ സാക്ഷാൽ സ്വർഗത്തിലെത്തുന്നതിനു മുമ്പ് സ്വീകരിക്കപ്പെടുന്ന ഈ ഇടത്താവളം സിദ്റത്തുൽ മുൻതഹാക്കടുത്താണത്രെ. സിദ്റത്തുൽ മുൻതഹാ ഭൗതികലോകത്തിന്റെയും അതിഭൗതിക ലോകത്തിന്റെയും അതിർത്തിയിലും. ഇതെല്ലാം അഗോചര കാര്യങ്ങളാകയാൽ ഒന്നും ഉറപ്പിച്ചു പറയാനാവില്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ●

---

وَأَمَّا الَّذِينَ فَسَقُوا فَمَأْوَاهُمُ النَّارُ ۖ كُلَّمَا أَرَادُوا أَن يَخْرُجُوا مِنْهَا أُعِيدُوا فِيهَا وَقِيلَ لَهُمْ ذُوقُوا عَذَابَ النَّارِ الَّذِي كُنتُم بِهِ تُكَذِّبُونَ ﴿٢٠﴾

20. ദുർവൃത്തികളാചരിച്ചവരോ, അവരുടെ വസനം നരകമാകുന്നു. അതിൽനിന്ന് പുറത്തുചാടാൻ ഉദ്യമിക്കുമ്പോഴൊക്കെ അതിലേക്കു തന്നെ തള്ളപ്പെട്ടുകൊണ്ടിരിക്കും. നിങ്ങൾ തള്ളിപ്പറഞ്ഞിരുന്ന നരകശിക്ഷ നന്നായി രുചിച്ചുകൊള്ളുവിൻ എന്ന് അവരോട് പറയപ്പെടുകയും ചെയ്യും.

**20**

وَأَمَّا الَّذِينَ فَسَقُوا = ദുർവൃത്തികളാചരിച്ചവരോ فَمَأْوَاهُمُ النَّارُ = അവരുടെ വസനം നരകമാകുന്നു
كُلَّمَا أَرَادُوا = അവർ ഉദ്ദേശിക്കുമ്പോ(ഉദ്യമിക്കുമ്പോ)ഴൊക്കെ
أَن يَخْرُجُوا مِنْهَا = അവരതിൽനിന്ന് പുറത്തുകടക്കാൻ (ചാടാൻ)
أُعِيدُوا فِيهَا = അവർ അതിലേക്കു (തന്നെ) തള്ളപ്പെട്ടു) കൊണ്ടിരിക്കും
وَقِيلَ لَهُمْ = (അവരോടു പറയപ്പെട്ടു(ടുകയും ചെയ്യും) ذُوقُوا = നിങ്ങൾ (നന്നായി) രുചിച്ചുകൊള്ളുവിൻ
عَذَابَ النَّارِ = നരകശിക്ഷ الَّذِي كُنتُم بِهِ تُكَذِّبُونَ = നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്നതായ

ഇനി ഫാസിഖുകളുടെ -കാഫിറുകളുടെ പരിണതി പറയുകയാണ്. അവരുടെ വസനം നരകമാകുന്നു- مَأْوَاهُمُ النَّارُ. ജന്നത്തുൽ മഅ്‌വാ താൽക്കാലിക ഭവനമാണെങ്കിൽ ഈ നരകവും (മഅ്‌വാ) താൽക്കാലികമാകേണ്ടതാണ്. പക്ഷേ അതങ്ങനെയല്ലെന്നാണ് തുടർന്നു പറയുന്നത്. പീഡനം താങ്ങാനാവാതെ അവരവിടെനിന്ന് പുറത്തു ചാടാൻ ശ്രമിക്കുമ്പോഴൊക്കെ അതിലേക്കു തന്നെ തിരിച്ചു തള്ളപ്പെടും. ഭൗതികലോകത്ത് നിങ്ങൾ തള്ളിപ്പറഞ്ഞിരുന്നതാണല്ലോ ഈ നരകം. ഇപ്പോഴത് യാഥാർഥ്യമായി പുലർന്നിരിക്കുന്നു. ഇനി ആ നിഷേധത്തിന്റെ രുചി നല്ലവണ്ണം ആസ്വദിച്ചുകൊള്ളുവിൻ എന്നു വിളിച്ചറിയിപ്പുമുണ്ടാകും. നരകാവകാശികളെ കാത്തിരിക്കുന്ന പീഡനങ്ങൾ മറ്റു സ്ഥലങ്ങളിൽ വിശദീകരിക്കുന്നുണ്ട്. ●

---

وَلَنُذِيقَنَّهُم مِّنَ الْعَذَابِ الْأَدْنَىٰ دُونَ الْعَذَابِ الْأَكْبَرِ لَعَلَّهُمْ يَرْجِعُونَ ﴿٢١﴾

21. ആ മഹാശിക്ഷക്കു മുമ്പ് ഭൗതികലോകത്തു തന്നെ തീർച്ചയായും നാം അവരെ ലഘുശിക്ഷകൾ രുചിപ്പിച്ചുകൊണ്ടിരിക്കും; അവർ മടങ്ങിയെങ്കിലോ.

**21**

وَلَنُذِيقَنَّهُم = നാം അവരെ തീർച്ചയായും രുചിപ്പിച്ചുകൊണ്ടിരിക്കും مِّنَ الْعَذَابِ الْأَدْنَىٰ = അടുത്ത (ലഘു) ശിക്ഷ
دُونَ الْعَذَابِ الْأَكْبَرِ = മഹാ ശിക്ഷ(ക്കു മുമ്പ്) കൂടാതെ لَعَلَّهُمْ يَرْجِعُونَ = അവർ മടങ്ങിയെങ്കിലോ

عَذَاب الْأَدْنَىٰ -ലഘു ശിക്ഷ- ഈ ലോകത്ത് നേരിടുന്ന വിപത്തുകളും - عَذَاب الْأَكْبَرِ- മഹാ ശിക്ഷ പരലോകത്ത് അനു

ഭവിക്കേണ്ടിവരുന്ന നരകശിക്ഷയുമാണ്. ദാരിദ്ര്യം, വരൾച്ച, പ്രകൃതിക്ഷോഭം, രോഗം, മാറ്റാന്മാരുടെ ആക്രമണം എന്നിങ്ങനെ ലോകത്തിലൊരിടത്തല്ലെങ്കിൽ മറ്റൊരിടത്തായി മനുഷ്യർ നിരന്തരം ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇതൊന്നും യാദൃഛികമായി ഉണ്ടാകുന്നതല്ല. അല്ലാഹുവിന്റെ ആസൂത്രിതമായ വിധിയുടെ പ്രവർത്തനമാകുന്നു. എല്ലാം അവന്റെ പരീക്ഷണത്തിന്റെ ഭാഗം. മനുഷ്യനെ വെറുതെ പീഡിപ്പിച്ചാനന്ദിക്കുകയല്ല അല്ലാഹു. മനുഷ്യർ സ്വയം പരിശോധിക്കാനും സംശോധിക്കാനുമാണ് അവൻ ചിലപ്പോൾ ദുരിതങ്ങളിറക്കുന്നത്. ദുരിതങ്ങളുണ്ടാകുമ്പോൾ കാര്യങ്ങളുടെ നിയന്താവ് തങ്ങളല്ല, അല്ലാഹുവാണ് എന്ന് ഓർക്കണം. അവന്റെ വിധികൾ ക്ഷമയോടെ തരണം ചെയ്യാൻ ശ്രമിക്കണം. കരുണാമയനായ അല്ലാഹു അവന്റെ ദാസന്മാരെ അന്യായമായി ദ്രോഹിക്കുകയില്ല. മനുഷ്യർക്കേർപ്പെടുന്ന ശിക്ഷകളൊക്കെയും അവർ പ്രവർത്തിച്ചതിന്റെ ഫലമാണ്. അല്ലാഹു അവന്റെ ദാസന്മാരെ പീഡിപ്പിക്കുന്നവനല്ല തന്നെ- ذَٰلِكَ بِمَا قَدَّمَتْ أَيْدِيكُمْ وَأَنَّ اللَّهَ لَيْسَ بِظَلَّامٍ لِّلْعَبِيدِ(3:182). സത്യവും ധർമവും മറക്കുന്നവരെ അല്ലാഹുവിലേക്കുണർത്തുകയും ജീവിതം പുനഃപരിശോധിപ്പിക്കുകയും ചെയ്യുന്ന പ്രബലമായ ശക്തിയാണ് ദുരിതങ്ങളും ദുഃഖങ്ങളും. തടയാനാവാത്ത ദുരിതങ്ങളുണ്ടാകുമ്പോൾ വിഗ്രഹാരാധകർ മുതൽ നാസ്തികർ വരെ സാക്ഷാൽ ദൈവത്തിലേക്കു തിരിയുകയും അവനോട് താണുകേണ് പ്രാർഥിക്കുകയും ചെയ്യുന്നു. തുടർന്ന് സത്യവും ധർമവും പാലിക്കാമെന്ന് പ്രതിജ്ഞ ചെയ്യുന്നു. ദുരിതമകന്നാലോ ചിലർ പ്രതിജ്ഞ പാലിക്കുന്നു. ദുരിതാശ്വാസം ലഭിക്കുന്നതോടെ ദുരിതബാധയും അപ്പോൾ നടത്തിയ പ്രാർഥനയുമെല്ലാം മറന്ന് പഴയ ജീവിത ശൈലിയിലേക്ക് തിരിച്ചുപോകുന്നവരാണധികവും. അങ്ങനെ പോകുന്നവർ ഒടുവിൽ മഹാ ശിക്ഷയിൽ - عَذَابِ الْأَكْبَرِ എത്തിച്ചേരുന്നു. സത്യധർമങ്ങളിലേക്ക് മടങ്ങിയവർ സ്വർഗത്തിലും.

നബി(സ)യുടെ കാലത്ത് ഖുറൈശികൾ അനേകം ലഘു ശിക്ഷകൾ -عَذَابِ الْأَدْنَىٰ നേരിട്ടിരുന്നു. ബദ്ർ മുതൽ മക്കാ വിമോചനം വരെ മുസ്‌ലിംകളിൽനിന്ന് ഏൽക്കേണ്ടിവന്ന യുദ്ധപരാജയങ്ങൾ അക്കൂട്ടത്തിൽപെടുന്നു. ഓരോ യുദ്ധത്തിലും അവരുടെ നിരവധി പ്രമാണിമാർ കൊല്ലപ്പെട്ടു. പലരും ബന്ധനസ്ഥരായി. ഇടക്കാലത്ത് താങ്ങാനാവാത്ത ക്ഷാമവും അവരെ ബാധിക്കുകയുണ്ടായി. ഇതിനിടയിൽ ഖുറൈശികളിൽ ഓരോരുത്തരായി ഇസ്‌ലാമിനെ അംഗീകരിച്ചുകൊണ്ടിരുന്നു. മക്കാ വിമോചനത്തോടെ രാജ്യം മുഴുവൻ ഇസ്‌ലാമായി. അങ്ങനെ അവർ മടങ്ങിയേക്കാം - لَعَلَّهُمْ يَرْجِعُونَ . എന്ന ദൈവിക വചനം അവരിൽ സഫലമായി. മറ്റു പല പ്രവാചക സമൂഹങ്ങളും നേരിട്ട ഉന്മൂലനാശത്തിൽനിന്ന് ഖുറൈശികൾ രക്ഷപ്പെട്ടു.

ദുഃഖങ്ങൾ മാത്രമല്ല സുഖങ്ങളും അല്ലാഹുവിന്റെ പരീക്ഷണങ്ങളാണ്. അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ അത് സ്വന്തം മഹത്വത്തിന്റെയും കഴിവിന്റെയും മാത്രം അടയാളമായി കണ്ട് അഹങ്കാരികളാകുന്നുവോ, അല്ല അല്ലാഹുവിന്റെ ഔദാര്യമായി കണ്ട് അവനോട് നന്ദിയും കൂറുമുള്ളവരായിത്തീരുന്നുവോ എന്നതാണ് പരീക്ഷണം. അഹങ്കാരികൾ മഹാ ശിക്ഷയിലേക്കും അല്ലാത്തവർ നിത്യമോചനത്തിലേക്കും ഗമിക്കുന്നു. ●